ഉത്തരം

(എ & ബി) കശുവണ്ടി വികസന കോർപ്പറേഷന്റെ ഉടമസ്ഥതയിൽ കണ്ണൂർ ജില്ലയിലെ തലശ്ശേരിയിൽ എരഞ്ഞോളി പഞ്ചായത്തിൽ ഒരു കശുവണ്ടി ഫാക്ടറി ഉണ്ട്. കോർപ്പറേഷന്റെ അധീനതയിലുള്ള മറ്റു ഫാക്ടറികളോടൊപ്പം ഈ ഫാക്ടറിയും തുറന്നു പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടു വരികയാണ്. കശുവണ്ടി വികസന കോർപ്പറേഷന് കൺസോർഷ്യം ബാങ്കുകളുമായുണ്ടായിരുന്ന കടബാദ്ധ്യത സർക്കാർ ഏറ്റെടുക്കാൻ തീരുമാനിച്ചിട്ടുണ്ട്. ബാങ്കുകളുമായി ഇത് ബന്ധിച്ച് ചർച്ച നടത്തിവരികയാണ്.

(സി) 2001 ആഗസ്റ്റ് മാസം മുതൽ കോർപ്പറേഷൻ ഫാക്ടറികളിൽ പ്രോസസിംഗ് ജോലികൾ നിർത്തി വച്ചിരിക്കുന്നതിനാൽ തൊഴിലാളികൾക്കു തൊഴിലില്ലാത്തതും ഇതുമൂലം ഇ.എസ്.ഐ. വിഹിതം റിക്കവറി അടയ്ക്കാൻ സാധിക്കാതിരിക്കുകയുമാണ്.

(ഡി) കോർപ്പറേഷൻ കടുന്ന സാമ്പത്തിക പ്രതിസന്ധിയില്ലായെങ്കിൽ കൂടിയും പ്രോസസിംഗ് ജോലികൾ ഇല്ലാത്തപ്പോൾ നൽകുന്ന റീടൈനിം അലവൻസ് പ്രോസസിംഗ് വിഭാഗം ജീവനക്കാർക്ക് നാളിതുവരെ നൽകിയിട്ടുള്ളതാണ്. കാഷ്യു ഐ. ആർ.സി. കരാർ പ്രകാരം കശുവണ്ടി മേലെയിൽ റിടൈനിംഗ് അലവൻസ് പുതുക്കി നിശ്ചയിക്കുന്ന മുറയ്ക്ക് ഇത് കാഷ്യു കോർപ്പറേഷനിലും നടപ്പിലാക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

രജിസ്റ്റർ ചെയ്ത ബീഡി സംഘങ്ങൾ

25 (4185) ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വ്യവസായ വകുപ്പിന്റെ കീഴിൽ ഇൻഡസ്ട്രിയൽ സൊസൈറ്റികൾ എന്ന നിലയിൽ എത്ര ബീഡി സംഘങ്ങൾ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ ;

(ബി) ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ?

ഉത്തരം

(എ) വ്യവസായ വകുപ്പിന്റെ കീഴിൽ 43 ബീഡി സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) ജില്ല തിരിച്ചുള്ള കണക്ക് താഴെ കൊടുക്കുന്നു.

തിരുവനന്തപുരം	1
കൊല്ലം	1
ആലപ്പുഴ	4
എറണാകുളം	3
പത്തനംതിട്ട	ഇല്ല

LIBRARY ARCHIVES Kerala Legislative Assembly

കോട്ടയം	ഇല്ല
ഇടുക്കി	ഇല്ല
പാലക്കാട്	4
വയനാട്	ഇല്ല
കാസർകോട്	7
കണ്ണൂർ	15
കോഴിക്കോട്	1
തൃശ്ശൂർ	1
മലപ്പുറം	6

എലത്തൂർ പഞ്ചായത്തിലെ ചെറുകിട വ്യവസായ സ്ഥാപനങ്ങൾ

26 (4186) ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ എലത്തൂർ പഞ്ചായത്തിൽ എത്ര ചെറുകിട വ്യവസായ സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട് ;

(ബി) ഇതിൽ എത്ര ചെറുകിട വ്യവസായങ്ങൾ പ്രവർത്തന ക്ഷമമാണ് എന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) 137 ചെറുകിട വ്യവസായ സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്.

(ബി) ഇതിൽ 110 എണ്ണം പ്രവർത്തിക്കുന്നുണ്ട്.

ആട്ടോ മൊബൈൽ രംഗത്ത് പ്രവർത്തിക്കുന്ന വ്യവസായ യൂണിറ്റുകൾ

27 (4187) ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കരിമണൽ ഖനനവുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ ?

(ബി) ജനപ്രതിനിധികൾ ഉൾപ്പെടെ ആലപ്പുഴ ജില്ലയിലെ ജനകീയ അഭിപ്രായം മാനിച്ച് ആലപ്പുഴ തീരപ്രദേശത്തെ കരിമണൽ ഖനന നടപടി ഉപേക്ഷിക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കരിമണൽ ഖനനവുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിന്റെ ദേശീയ നയത്തിനനുസൃതമായി സംസ്ഥാന സർക്കാർ കരിമണൽ ഖനന നയം രൂപീകരിച്ചിട്ടുണ്ട്. ഈ നയത്തിന്റെ അടിസ്ഥാനത്തിൽ മൈനിംഗ് ലീബിനുവേണ്ടി

LIBRARY ARCHIVES Kerala Legislative Assembly